**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 8276

17.07.2014-ലെ മറുപടിയ്ക്ക്

**കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പു വഴി നടപ്പിലാക്കിയ പദ്ധതികൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.സി.ദിവാകരൻ | **ശ്രീ.എ.പി.അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| ഈ സർക്കാർ അധികാരമേറ്റശേഷം കരുനാഗപ്പള്ളി മണ്ഡലത്തിൽ ടൂറിസം വകുപ്പുവഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്നും അവയ്ക്ക് ഓരോന്നിനും എന്ത് തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; ഇനിയും പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും അറിയിക്കാമോ? | കണ്ണേറ്റി ടൂറിസം പ്രോജക്ട്, അഴീക്കൽ ടൂറിസം പ്രോജക്ട് എന്നീ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. കണ്ണേറ്റി ടൂറിസം പദ്ധതിയ്ക്ക് 1 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 50 ലക്ഷം രൂപ ഡി.റ്റി.പി.സി. കൊല്ലത്തിന് അനുവദിച്ചിട്ടുണ്ട്. 8 മാസത്തെ കാലാവധിക്ക് പണി പൂർത്തീകരിക്കാമെന്ന വ്യവസ്ഥയിൽ കരാർ വച്ചിട്ടുണ്ട്. പദ്ധതിയുടെ പണി ആരംഭിച്ചിട്ടുണ്ട്. അഴീക്കൽ ടൂറിസം പദ്ധതിക്ക് 1 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിൽ 43,42,737/- രൂപ പദ്ധതി നടത്തിപ്പിനായി ചെലവഴിച്ചിട്ടുണ്ട്. ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ച് തുറമുഖ വകുപ്പ് തർക്കം ഉന്നയിച്ചതിനെ തുടർന്ന് രണ്ടാം ഘട്ട പണി നിർത്തിവച്ചിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ